# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി-4/678/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 19/05/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി-4/678/2022 തീയ്യതി: 19/05/2022

## കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2021 മുതൽ 28-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹഗ്രേ) | 04-04-2022 | 12-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 12-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ രതീഷ് സി.ആർ., ഓഡിറ്റ് ഓഫീസർ
ശ്രീ സുമേഷ് പി.വി.,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി അമ്പിളി യു, സീനി. ഗ്രേഡ് ഓഡിറ്റർ
ശ്രീ ആൽബിൻ സിറിയക്, ഓഡിറ്റർ

ശ്രീ ജോഷി തോമസ്, ഓഡിറ്റർ
ശ്രീമതി ബിനാകുമാരി ടി.വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പി. സി. കുര്യൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി മിനി മത്തായി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ ശ്രീകുമാർ എസ് കൈമൾ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സീനത്ത് കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-07-2020 |
| ശ്രീമതി സാവിത്രി കെ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2020 | 31-03-2021 |
| ശ്രീമതി സുമിത സുകുമാരൻ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി പാർവ്വതി ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ ഹരികുമാർ വി.കെ | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രുതി വി.ആർ. | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജന ആർ നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 02-11-2020 |
| ശ്രീ ലിബിൻ ജേക്കബ് | ഐസിഡിഎസ് സൂപ്പർവൈസർ | 03-11-2020 | 31-03-2021 |
| ശ്രീമതി ബിന്ദു സി.കെ. | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ഡോ രാജഹംസ് ശശി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. മിനി ജോസഫ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീജ രാധാകൃഷണൻ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.സാം പോൾ സി | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |

13.11.2020 മുതൽ 29.12.2020 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ratheesh C R (Audit Officer, On 13-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Joshy Thomas (Auditor, On 07-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Joshy Thomas (Auditor, On 07-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Joshy Thomas (Auditor, On 08-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: Ratheesh C R (Audit Officer, On 13-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Joshy Thomas (Auditor, On 08-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 08-04-2022)<br>Last Updated By: A Indulekha (Audit Officer, On 13-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ratheesh C R (Audit Officer, On 11-04-2022)<br>Last Updated By: Ratheesh C R (Audit Officer, On 11-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Ratheesh C R (Audit Officer, On 13-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: A Indulekha (Audit Officer, On 13-04-2022) | 1-10 |
| 11 | ആവശ്യകതയില്ലാതെ രസീത് ബുക്ക് അനുവദിച്ചതായി കാണുന്നു<br>Written By: Beenakumari T V (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 17-05-2022) | 1-11 |
| 12 | വസ്തു നികുതി നിർണ്ണയം - തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന വരുത്തിയിട്ടില്ല.<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-12 |
| 13 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-13 |
| 14 | മഴവെള്ള സംഭരണി, സോളാർ എനർജി സംവിധാനങ്ങൾ ഏർപ്പെടുത്താതെ പെർമിറ്റ് അനുവദിച്ചു<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-14 |
| 15 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-15 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-16 |

| | | |
|---|---|---|
| | Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | |
| 17 | ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-17 |
| 18 | വാടക ഈടാക്കിയിട്ടില്ല<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-05-2022) | 1-18 |
| 19 | കോ-ഓപ്പറേറ്റീവ് റിക്കവറി അടവാക്കൽ - രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-19 |
| 20 | ആധാരം രജിസ്റ്റർ ചെയ്യൽ - രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-20 |
| 21 | ഐ.കെ.എം വിഹിതം- കൃത്യത ഉറപ്പാക്കിയില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-21 |
| 22 | മഴക്കാലപൂർവ്വശുചീകരണം - വൗച്ചറുകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-22 |
| 23 | എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-23 |
| 24 | ഗാർഹിക സോളാർ പാനൽ - രേഖകൾ ലഭ്യമായില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-24 |
| 25 | ജൈവ വൈവിദ്ധ്യ പാർക്ക് - തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-25 |
| 26 | ബയോഗ്യാസ് പ്ലാന്റ് എ.എം.സി - കുറഞ്ഞ ടെണ്ടർ അംഗീകരിച്ചില്ല.<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 19-05-2022) | 1-26 |
| 27 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം<br>Written By: Ratheesh C R (Audit Officer, On 13-04-2022)<br>Last Updated By: Ratheesh C R (Audit Officer, On 13-04-2022) | 1-27 |
| 28 | കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല<br>Written By: Ratheesh C R (Audit Officer, On 13-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-05-2022) | 1-28 |
| 29 | ബാലസഭ ബാലപഞ്ചായത്ത് - അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്<br>Written By: Ratheesh C R (Audit Officer, On 13-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-05-2022) | 1-29 |
| 30 | സർക്കാർ നിർദേശങ്ങൾ പാലിക്കാതെ ലാപ് ടോപ്പ് വാങ്ങി നൽകി<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-05-2022) | 1-30 |
| 31 | ജീവനി-വനിതകൾക്ക് അടുക്കളതോട്ടം-ജൈവവളം, പച്ചക്കറിതൈകൾ എന്നിവ വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-05-2022) | 1-31 |
| 32 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചമല്ല-തുടർപ്രോജക്ടുകൾ ആവശ്യം<br>Written By: Ambili.U (Senior Grade Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-32 |

| | | |
|---|---|---|
| 33 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തികരിച്ചില്ല.<br>Written By: Ambili.U (Senior Grade Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-33 |
| 34 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമാക്കിയില്ല<br>Written By: Sumesh P V (Asst. Audit Officer, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 1-34 |
| 35 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Albin Cyriac (Auditor, On 12-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 19-05-2022) | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Beenakumari T V (Auditor, On 11-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: Joshy Thomas (Auditor, On 11-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ<br>Written By: Beenakumari T V (Auditor, On 11-04-2022)<br>Last Updated By: Beenakumari T V (Auditor, On 11-04-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: A Indulekha (Audit Officer, On 13-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: Joshy Thomas (Auditor, On 11-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 19-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Beenakumari T V (Auditor, On 11-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: Joshy Thomas (Auditor, On 11-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Joshy Thomas (Auditor, On 11-04-2022)<br>Last Updated By: M.N.Radhakrishnan (Deputy Director, On 19-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Beenakumari T V (Auditor, On 11-04-2022)<br>Last Updated By: Sinimol Francis (Computer Assistant, On 18-05-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-2021 വർഷത്തെ പുതുക്കിയ ബജറ്റ് 20.2.2021 ലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 15679133 | 15714520 |
| വരവ് | 182964256 | 74418448 |
| ആകെ | 198643389 | 90132968 |
| ചെലവ് | 194629401 | 83908482 |
| നീക്കിയിരിപ്പ് | 4013988 | 6224486 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവ് ചെലവ് കണക്കുകളും യഥാർഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം മതിയായ മുന്നൊരുക്കം നടത്തി യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 130991204/- രൂപയും ചെലവ് 140642738/- രൂപയും തൻവർഷ പ്രവർത്തനകമ്മി 9651534/- രൂപയുമാണ്. 31.03.2021-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 66479393/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 56944466/- രൂപയുമാണ്. 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഒ.(എം.എസ്)152/11/തസ്വഭവ/26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ജീവനക്കാരുടെ തൊഴിൽനികുതി വരവ് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ, റസീപ്റ്റ് ആന്റ് പെയ്മെന്റ് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

4) Suppliers Security Deposit, Other Deposit Revenue എന്നീ ശീർഷകങ്ങളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തുകകൾ അവശേഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

5) ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ട Fund For Transferred Institutions-Ayurveda-capital, Other Awards From State Government എന്നീ ശീർഷകങ്ങളിൽ തുകകൾ അവശേഷിക്കുന്നുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല.

7) വാടക, കറന്റ്, അരിയർ കളക്ഷൻ തുകകൾ രജിസറ്ററുമായി പൊരുത്തപ്പെടുന്നില്ല.

8) Bidders Security Deposit, Bidders EMD തുകകളുടെ റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരമുള്ള റീഫണ്ട് തുകകളും രജിസ്റ്ററിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

9) എംജിഎൻആർഇജിഎസ് തുകകൾ വാർഷിക ധനകാര്യപത്രികയിലും ക്യാഷ് ബുക്കിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15714520 |
| ഓഡിറ്റ് വർഷത്തെ വരവ് | 74418448 |
| ആകെ | 90132968 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 83908482 |
| നീക്കിയിരിപ്പ് | 6224486 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 195797 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11972633 | 11972633 | 11763796 | 208837 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 1716000 | 1716000 | 1672743 | 43257 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 243768 | 243768 | 243768 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 4290000 | 4290000 | 1908482 | 2381518 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 7894971 | 7894971 | 7894971 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 14235000 | 14235000 | 14235000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 3492000 | 3492000 | 3472961 | 19039 |
| എംജിഎൻആർഇജിഎസ് | 1036 | 28182579 | 28183615 | 28180869 | 2746 |
| ഐസിഡിഎസ് | 708753 | 495290 | 1204043 | 600660 | 603383 |

1) വികസനഫണ്ട് വരവ് പൊതുവിഭാഗത്തിൽ ജി.ഒ. പ്രോജക്ടിലൂടെ സ്രോതസിൽ നിന്നും കുറവ് ചെയ്ത 1154004 രൂപയും (പ്രൊജക്റ്റ് നം.-262, 263, 264-അങ്കണവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക, പ്രൊജക്റ്റ് നം. 265, 266- ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്) ഉൾപ്പെട്ടിരിക്കുന്നു.

2) മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിൽ ജി.ഒ. പ്രൊജക്ടിലൂടെ (വോട്ടിംഗ് മെഷിൻ വാങ്ങുന്നതിന് കുറവ് ചെയ്ത തുക) സ്രോതസിൽ നിന്നും കുറവ് ചെയ്ത 35319/- തുകയും ഉൾപ്പെടുന്നു.

3) ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ചെലവ് തുകകൾ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

4)ഗ്രാമപഞ്ചായത്തിലെ 2020-2021 വർഷത്തെ ചെലവ് പത്രിക പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പദ്ധതികളുടെ ചെലവ് അടങ്കലിനേക്കാൾ (ധനകാര്യ കമ്മീഷൻ അവാർഡ്) അധികമായി ചെലവഴിച്ചതായി കാണുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 168/21 (Spill Over) | ഞരളംകുളം നെട്ടുമറ്റം കനൽ റോഡ് ടാറിങ്ങ് | ധനകാര്യ കമ്മീഷൻ അവാർഡ് - Rs. 844000 | 900000 |
| 2 | 183/21 (Spill Over ) | മുണ്ടുവേലി ഇടശ്ശേരി റോഡ് നിർമ്മാണം | ധനകാര്യ കമ്മീഷൻ അവാർഡ് - Rs. 0 | 575815 |

എന്നാൽ ടി തുകകൾ തനത് ഫണ്ടിൽ നിന്നുള്ള വകയിരുത്തൽ ആയിട്ടാണ് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിരുന്നത് . അസിസ്റ്റന്റ് എഞ്ചിനീയറുടെ ബിൽ ബുക്ക്, എ സി ആർ എന്നിവ പ്രകാരം ടി തുക ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നുമാണ് മാറിയെടുത്തിട്ടുള്ളത്. സുലേഖയിലെ ഡാറ്റ എൻട്രിയിൽ വന്ന അപാകത മൂലമാകാം ഇപ്രകാരമുള്ള വ്യത്യാസം വരാനിടയായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. ടി അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-2021 ലെ വാർഷികപദ്ധതിക്ക് 02.03.2020-ലെ 1(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 28.01.2021 ലെ ഉത്തരവ് നം. 80898/20/DPC/ DPO/KTM പ്രകാരം അംഗീകാരവും ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 26/12/2019 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 13/01/2020 |
| പദ്ധതിരൂപീകരണഗ്രാമസഭകൾ | 24.01.20 മുതൽ 02.02.20 വരെ |
| ഭിന്നശേഷി ഗ്രാമസഭ | 19.11.2018 |

| | |
|---|---|
| ഊരുകൂട്ടയോഗം | 13.01.2020 |
| വികസനസെമിനാർ | 28.02.20 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 233 | 182 | 112124455 | 66272846 | 59.11 |

നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

| നിർവഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചവ | നടപ്പിലാക്കിയവ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 5747543 | 3685152 | 64.12 |
| വെറ്ററിനറി സർജൻ | 4 | 3 | 4050000 | 1279000 | 31.58 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | 2 | 2 | 592800 | 592800 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 0 | 0 | 0 | 0 | 0 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 1380000 | 40310 | 2.92 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 14 | 12172082 | 4994810 | 41.03 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 4 | 3 | 3535695 | 3184890 | 90.08 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 2358760 | 1158760 | 49.13 |
| സെക്രട്ടറി | 45 | 36 | 15433832 | 8553492 | 55.42 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 136 | 99 | 64125743 | 40335678 | 62.9 |
| ഹെഡ്മാസ്റ്റർ ഗവ. യു . പി. എസ് . | 6 | 4 | 1178000 | 973000 | 82.6 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 1150000 | 1074954 | 93.47 |
| ആകെ | 233 | 182 | 112124455 | 66272846 | 59.11 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവർ അടങ്കലിന്റെ 49.13%, 2.92% വീതം മാത്രമാണ് ചെലവഴിച്ചത്. ഇത് ആകെ പദ്ധതി ചെലവ് ശതമാനം കുറയുവാൻ ഇടയാക്കി.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 534 പ്രോജക്ടുകളാണ് വിഭാവനം

ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 300 പദ്ധതികളിൽ 222 എണ്ണവും പൂർത്തീകരിച്ചു. 2020-21 വർഷം 14 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 61691 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 901 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മണ്ണ്, ജല സംരക്ഷണ പ്രവർത്തികളാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2020-21 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (AFS പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1036 | 883630 | 884666 | 881920 | 2746 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 27298949 | 27298949 | 27298949 | 0 |
| | 1036 | 28182579 | 28183615 | 28180869 | 2746 |

100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾക്കുള്ള 286000 രൂപ അലവൻസ് സംബന്ധിച്ച കണക്കുകൾ ഒഴികെയുള്ള തുകകളാണ് മേൽ സൂചിപ്പിച്ചിട്ടുള്ളത്.

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11040 | 16 |
| കർഷകതൊഴിലാളി പെൻഷൻ | 4109600 | 271 |
| വിധവാപെൻഷൻ | 6575500 | 437 |
| വാർദ്ധക്യകാലപെൻഷൻ | 22863900 | 1497 |
| വികലാംഗപെൻഷൻ | 2751700 | 187 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 490600 | 33 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

### 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.04.2022, 3.30 PM ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,62,384/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാണ് എന്ന് കാണുന്നു. 2021ൽ കോട്ടയം ജില്ലയിലെ മികച്ച ഗ്രാമ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി ലഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനമികവിനുള്ള അംഗീകാരമാണ്.

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

5) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.2017-28.01.2017 | 2011-12 മുതൽ 2015-16 | LBA(HQ)11/8A-2560/16-17/435, തീ 03.03.2017 |
| പെർഫോർമൻസ് ഓഡിറ്റ് | 9.2.2021 | 4/20-7/20 | ലഭ്യമായില്ല |

1-11 ആവശ്യകതയില്ലാതെ രസീത് ബുക്ക് അനുവദിച്ചതായി കാണുന്നു

(1) 1509, 1510 എന്നീ സീരിയൽ നമ്പരുകളിലുള്ള 2 രസീത് ബുക്കുകൾ 04.01.2021 ൽ കുറവിലങ്ങാട് വി.ഇ.ഒ.യ്ക്ക് അനുവദിച്ചിരുന്നു. രണ്ടു ബുക്കുകളും ഉപയോഗിക്കാതെ ആദ്യ രണ്ടുപേജുകൾ ക്യാൻസൽ ചെയ്യുകയും ബാക്കി ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുകയുമാണ്.
അഗ്രിക്കൾച്ചർ ഓഫീസർക്ക് നം.19594 രസീത് ബുക്ക് അനുവദിച്ചിട്ടുള്ളത് ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.
2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ ചട്ടം 83 പ്രകാരം ഒഴിവാക്കാനാകാത്ത സന്ദർഭങ്ങളൊഴികെയുള്ള എല്ലാ അവസരങ്ങളിലും രസീത് ബുക്ക് പൂർണ്ണമായി ഉപയോഗിച്ച് തീരുകയും കൌണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്ക് നൽകാൻ പാടില്ലാത്തതാണ്.

(2) 13677 നമ്പർ രസീത് ബുക്ക് 01.11.2021 ൽ വെറ്ററിനറി സർജൻ, കോഴ ഓഫീസിലേയ്ക്ക് നൽകിയിരുന്നു. സീരിയൽ നം. 64മുതൽ 100 വരെ രസീതുകൾ ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നു.

ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതും, പൂർണ്ണമായും ഉപയോഗിക്കാത്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ തിരികെ സ്റ്റോക്കിൽ ചേർക്കേണ്ടതും ഇഷ്യൂ ചെയ്യേണ്ടതുമാണ്. ആവശ്യകത അനുസരിച്ച് മാത്രം രസീത് ബുക്ക് അനുവദിക്കേണ്ടതാണ്.

**1-12 വസ്തു നികുതി നിർണ്ണയം - തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധന വരുത്തിയിട്ടില്ല.**

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 6 പ്രകാരം 250 ച.മീ ൽ കൂടുതൽ വിസ്തീർണ്ണമുള്ളതും മേൽത്തരം മാർബിൾ, ഗ്രാനൈറ്റ് എന്നിവ കൊണ്ട് തറ നിർമ്മിച്ചിട്ടുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ 15% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ ശ്രീ. ദേവസ്യ മണിയാല എന്നയാളുടെ ഉടമസ്ഥതയിലുള്ള മേൽത്തരം മാർബിൾ കൊണ്ട് തറ നിർമ്മിച്ചതായി ഫോം-6 ൽ രേഖപ്പെടുത്തിയിട്ടുള്ളതും 277.47 ച.മീ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന്റെ (മുകളിലത്തെ നില 2/181C എന്ന നമ്പരിലും (138.42 ച.മീ) താഴത്തെ നില 2/181 A (139.05 ച.മീ) എന്ന നമ്പരിലും) വസ്തു നികുതി നിർണ്ണയിച്ചതിൽ പ്രസ്തുത തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ / വിസ്തീർണ്ണം | ഉപയോഗക്രമം/ നിരക്ക് | ഫോം-6 പ്രകാരം ഈടാക്കിയ നിരക്ക് | | | ഈടാക്കേണ്ട നിരക്ക് | കുറവ് |
|---|---|---|---|---|---|---|
| | | അടിസ്ഥാന വസ്തു നികുതി | ഇളവ്/ വർദ്ധനവ് | ആകെ | | |
| 2/181 A (139.05 ച.മീ) | പാർപ്പിടാവശ്യം (6രൂപ /ച.മീ) | 139.05x6= 834.30 രൂപ | 83.43 (ഇളവ്) | 751 | 876 | 125 |
| 2/181 C (138.42 ച.മീ) | പാർപ്പിടാവശ്യം (6രൂപ /ച.മീ) | 138.42x6= 830.52 രൂപ | 83.05 (ഇളവ്) | 748 | 872 | 124 |
| ആകെ | | | | | | 249 രൂപ |

വസ്തു നികുതി തെറ്റായി നിർണ്ണയിച്ചതു മൂലം ഈയിനത്തിൽ പ്രതിവർഷം 249 രൂപയുടെ കുറവുണ്ടായിരിക്കുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/11.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-13 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം**

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് പ്രത്യേക നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 203 (എ) വകുപ്പ് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ

നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 65 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. ഇപ്രകാരം വസ്തുനികുതി കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട നിരക്ക് | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി | | | | നിർണ്ണയിച്ച അടിസ്ഥാന നികുതി | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് ഉൾപ്പെടുത്താതെ) |
|---|---|---|---|---|---|---|---|---|---|---|
| | | | | | അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് (വഴി സൗകര്യം - 20%) | കുറവ് | ആകെ | | |
| | | 1/ 122 A | 9.3 | 65 | 605 | 0 | 121 | | 335 | |
| | | 1/122 B | 26.32 | 65 | 1711 | 0 | 342 | | 843 | |
| | മാത്തുക്കുട്ടി ജോർജ്ജ് | 1/122 C | 26.32 | 65 | 1711 | 00 | 342 | | 843 | |
| | | 1/122 D | 26.32 | 65 | 1711 | 0 | 342 | | 843 | |
| | | 1/122 E | 26.32 | 65 | 1711 | 0 | 342 | | 843 | |
| | ആകെ | | 114.58 | 65 | 7448 | 0 | 1489 | 5959 | 3707 | 2252 |
| | സി.എ. അഗസ്റ്റിൻ | 12/417 B | 75.35 | 65 | 4898 | 980 | 5878 | | 3617 | |
| | | 12/417 B | 49.66 | 65 | 3228 | 646 | 3874 | | 2384 | |
| | ആകെ | | 125 | | 8126 | 1626 | 0 | 9752 | 6001 | 3751 |
| | | 12/ 395 A | 24.92 | 65 | 1620 | 0 | 162 | | 898 | |
| | | 12/ 395 B | 24.92 | 65 | 1620 | 0 | 162 | | 898 | |
| | നീന സിറിയക് | 12/ 395 C | 66.62 | 65 | 4330 | 0 | 433 | | 2399 | |
| | | 12/ 395 D | 44.48 | 65 | 2891 | 0 | 289 | | 1602 | |
| | | 12/ 395 E | 32.7 | 65 | 2126 | 0 | 213 | | 1120 | |
| | ആകെ | | 168.72 | | 12587 | 0 | 1259 | 11328 | 6917 | 4411 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഐെസക് ലൂക്ക് | 12/ 1 B | 27.5 | 65 | 1788 | 358 | 0 | | 1320 | |
| | | 12/ 1C | 27.5 | 65 | 1788 | 358 | 0 | | 1320 | |
| | | 12/ 1 D | 27.5 | 65 | 1788 | 358 | 0 | | 1320 | |
| | | 12/ 1 E | 26.75 | 65 | 1739 | 348 | 0 | | 1284 | |
| | | 12/ 1 G | 26.73 | 65 | 1737 | 348 | 0 | | 1058 | |
| | ആകെ | | 135.98 | | 8840 | 1769 | 0 | 10609 | 6302 | 4307 |
| | ആകെ നഷ്ടം | | | | | | | | | 14721 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/11.04.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-14 മഴവെള്ള സംഭരണി, സോളാർ എനർജി സംവിധാനങ്ങൾ ഏർപ്പെടുത്താതെ പെർമിറ്റ് അനുവദിച്ചു

കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2019 റൂൾ 76(1) പ്രകാരം എല്ലാ പുതിയ കെട്ടിട നിർമാണങ്ങളുടെയും അവിഭാജ്യ ഘടകമായി മേൽക്കൂരകളിൽ നിന്നുള്ള മഴവെള്ള സംഭരണത്തിലൂടെ ഭൂഗർഭ ജല റീചാർജിംഗ് ക്രമീകരണങ്ങളും റൂൾ 76(2) പ്രകാരം മഴ വെള്ള സംഭരണ സംവിധാനങ്ങളും (300 ച.മീറ്ററിന് മുകളിൽ വരുന്ന വാസഗൃഹങ്ങൾ ഉൾപ്പെടെ) വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്ലാനുകൾ പരിശോധിച്ചതിൽ ആയത് പരിശോധിക്കപ്പെടുന്നില്ലെന്ന് കാണുന്നു.

റൂൾ 77 പ്രകാരം 400ച.മീറ്ററിൽ കൂടുതലുള്ള വാസഗൃഹങ്ങൾ, ഗ്രൂപ്പ് എ1, എ2, സി, ഡി വിഭാഗങ്ങളിലെ 500ച.മീറ്ററിന് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങൾ എന്നിവയിൽ മേൽക്കൂരയുടെ 50ശതമാനമെങ്കിലും ആവരണം ചെയ്യുന്ന Rooftop Solar Energy Installations സ്ഥാപിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന്റെ പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിട്ടുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചപ്പോഴും അസസ്മെന്റ് നടത്തിയപ്പോഴും മേൽ സൂചിപ്പിച്ച കാര്യങ്ങൾ പരിഗണിച്ചിട്ടില്ലെന്നു കാണുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ ഗ്രൂപ്പ്, വിസ്തീർണ്ണം (ച.മീ.) | പ്ളാൻ പ്രകാരം ഏർപ്പെടുത്താത്ത സംവിധാനങ്ങൾ |
|---|---|---|---|
| 1 | പകലോമറ്റം കുടുംബട്രസ്റ്റ് , തേക്കിൻകാട് ജോസഫ് ട്രസ്റ്റി | ഗ്രൂപ്പ് എ2, 1096.80 | മഴവെള്ള സംഭരണി, സോളാർ എനർജി ഇൻസ്റ്റലേഷൻ |

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.23/12.04.2022) മറുപടി ലഭ്യമായില്ല. പെർമിറ്റ് അപേക്ഷകൾ നൽകുമ്പോഴും വസ്തുനികുതി നിർണയിക്കുമ്പോഴും ആവശ്യമായ എല്ലാ സംവിധാനങ്ങളും കെട്ടിടങ്ങളിൽ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പാർക്കിംഗ് സംവിധാനങ്ങൾ, മഴവെള്ള സംഭരണ സംവിധാനങ്ങൾ, ഭൂഗർഭ ജലറീചാർജിംഗ്, സോളാർ എനർജി ഇൻസ്റ്റലേഷൻ, സോളാർ വാട്ടർ ഹീറ്റർ എന്നിവ ചട്ടങ്ങളിൽ അനുശാസിക്കുന്ന അളവിൽ ഒരുക്കുന്നുണ്ടെന്ന് പരിശോധിച്ച് നികുതി നിർണയം നടത്തേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ | സ്ഥാപനം | ഈടാക്കാത്ത |
|---|---|---|

| നമ്പർ | | അർദ്ധ വർഷം |
|---|---|---|
| 1 | മാക്സ് വാല്യൂ ക്രെഡിറ്റ്സ് ആന്റ് ഇൻവെസ്റ്റ്മെന്റ് | 2 |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൂടല്ലൂർ | 2 |

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/11.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-16 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മാക്സ് വാല്യൂ ക്രെഡിറ്റ് ആന്റ് ഇൻവെസ്റ്റ്മെന്റ് എന്ന സ്ഥാപനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/11.04.22) മറുപടി നൽകിയിട്ടില്ല. പരാമർശിത സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-17 ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷം ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രജിസ്റ്ററും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ആർ.കെ.ഇൻഡസ്ട്രീസ് | 14 |
| 2 | ചിക്ക് വെ | 5 |
| 3 | സ്റ്റാർ പ്ലൈവുഡ് | 10 |
| 4 | അമലജ്യോതി സൂപ്പർമാർക്കറ്റ് | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/08.04.22) പരാമർശിത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നികുതി പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-18 വാടക ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ കുത്തകക്കാരിൽ നിന്ന് വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ലയെന്ന് വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നു.

| ക്രമ | റൂം | കുത്തകക്കാരൻ | മാസ | വാടക | കുടിശ്ശിക |
|---|---|---|---|---|---|

| നമ്പർ | നമ്പർ | | വാടക | ഈടാക്കാത്ത കാലയളവ് | |
|---|---|---|---|---|---|
| 1 | 13/429 | ലീലാമ്മ ജോസഫ് | 1976 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 23712 |
| 2 | 13/434 | സുനിൽ സിബി | 524 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 6288 |
| 3 | 13/431 | മേഴ്സി സിബി | 4160 | 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെ | 49920 |
| | ആകെ | | | | 79920 |

പരാമർശിത കുത്തകക്കാരിൽ നിന്ന് വാടക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/08.04.22) പ്രസ്തുത വ്യക്തികളിൽ നിന്ന് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വാടക കുടിശ്ശിക സഹിതം പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-19 കോ-ഓപ്പറേറ്റീവ് റിക്കവറി അടവാക്കൽ - രേഖകൾ ലഭ്യമായില്ല.

ശ്രീ ഫെനിപ്പാസ് എം ജോൺ, ഓഫീസ് അറ്റൻഡന്റിന്റെ ശമ്പളത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ തുകകൾ അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ, തീയതി | തുക |
|---|---|
| 22000158/2.6.20 | 500 |
| 22000902/11.1.21 | 5000 |
| ആകെ | 5500 |

മേൽ തുകകൾ അടവാക്കിയത് സംബന്ധിച്ച് ബാങ്കിൽ നിന്നുള്ള കൈപ്പറ്റ് / അടവ് വിവരങ്ങൾ വൗച്ചറിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/08.04.2022) മറുപടി ലഭ്യമായില്ല. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-20 ആധാരം രജിസ്റ്റർ ചെയ്യൽ - രേഖകൾ ലഭ്യമായില്ല.

രണ്ട് ദാനാധാരങ്ങൾ രജിസ്റ്റർ ചെയ്യുതിന് ചുവടെ ചേർക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ദാനാധാരം നൽകിയ ആൾ | നൽകിയ തീയതി | ആധാര വില | ചെലവഴിച്ച തുക | വൗച്ചർ നമ്പർ , തീയതി |
|---|---|---|---|---|
| പി.സി കുര്യൻ പരുമ്മേൽ | 19.6.20 | 105000 | 1670 | 22000317/22.7.20 |

| | | | | |
|---|---|---|---|---|
| ജോസ് ജോസഫ് കുഴികണ്ണിയിൽ | 19.6.20 | 103000 | 1670 | 22000317/22.7.20 |

രജിസ്റ്റർ ചെയ്ത ആധാരവും ആധാരം പോക്ക് വരവ് ചെയ്ത് കരമടച്ചതിന്റെ വിശദാംശങ്ങളും വസ്തു ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 3/08.04.2022) നൽകിയിരുന്നു. രജിസ്റ്റർ ചെയ്ത ആധാരം പരിശോധനയ്ക്ക് ലഭ്യമാക്കി. എന്നാൽ ടി വസ്തു ആസ്തിയിൽ ചേർത്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. വസ്തു ആസ്തിയിൽ ചേർത്ത് വിവരം അറിയിക്കേണ്ടതാണ്.

1-21 ഐ.കെ.എം വിഹിതം- കൃത്യത ഉറപ്പാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 1/21 |
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം വിഹിതം അടവാക്കൽ |
| ചെലവ് , ഫണ്ടിനം | 50000, വികസന ഫണ്ട് |
| ബിൽ നമ്പർ , തീയതി | 29/ 5.11.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഐ.കെ.എം വിഹിതം അടവാക്കൽ എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 50000 രൂപ പിൻവലിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമായില്ല.

ഐ.കെ.എം.ൽ നിന്നുള്ള ഡിമാന്റ് പ്രകാരം (കത്ത് നമ്പർ IKM/A7 / 894/ 20 Dt 18.3.20 ) 2020-21 ഉൾപ്പെടെ 93585 രൂപ ഗ്രാമപഞ്ചായത്ത് നൽകാനുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പ്രകാരം 2020-21 ഉൾപ്പെടെ 50335 രൂപ മാത്രമാണ് നൽകാനുള്ളത്. കുടിശ്ശിക തുകയുടെ കൃത്യത വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/08.04.2022) വ്യക്തമായ മറുപടി ലഭ്യമായില്ല. അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 മഴക്കാലപൂർവ്വശുചീകരണം - വൗച്ചറുകൾ ലഭ്യമായില്ല.

മഴക്കാലപൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി തൻവർഷം ശുചിത്വമിഷൻ വിഹിതം 10000 രൂപയും തനത് ഫണ്ട് വിഹിതമായ 5000 രൂപയുമുൾപ്പെടെ ഒരു വാർഡിന് 15000 രൂപ വീതം ആകെ 14 വാർഡുകൾക്കായി 210000 രൂപ വൗച്ചർ നമ്പർ 22000115/25.5.2020 പ്രകാരം പിൻവലിച്ചിട്ടുണ്ട്.

ആയതിൽ 12,13,14 വാർഡുകളിലെ ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായില്ല. അപാകത പരിഹരിച്ച് ചെലവ് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതിലേക്കായി മൂന്ന് വാർഡുകളിലേക്കായി നൽകിയ 45000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. .

1-23 എ.ബി.സി പ്രോഗ്രാം - വിനിയോഗ വിവരം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 137/21 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി പ്രോഗ്രാം |
| ചെലവ് , ഫണ്ടിനം | 100000, തനത് ഫണ്ട് |
| വൗച്ചർ നമ്പർ , തീയതി | 22000231/ 23.6.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

എ.ബി.സി പ്രോഗ്രാം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി തനത് ഫണ്ടിൽ നിന്നും 100000 രൂപ പിൻവലിച്ച് കുടുംബശ്രീ ജില്ലാമിഷൻ കോ- ഓർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുകയുടെ

വിനിയോഗ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/08.04.2022) മറുപടി ലഭ്യമായില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിലേക്കായി 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 ഗാർഹിക സോളാർ പാനൽ - രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 229/21 |
| പ്രോജക്ടിന്റെ പേര് | ഗാർഹിക സോളാർ പാനൽ |
| ചെലവ് , ഫണ്ടിനം | 713664, തനത് ഫണ്ട്<br>713664 , ഗുണഭോക്തൃവിഹിതം |
| വൗച്ചർ നമ്പർ , തീയതി | 22001004/ 29.1.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അനർട്ട് എം പാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ക്ഷണിക്കുകയും ഹെക്കൺ ഇന്ത്യ എന്ന സ്ഥാപനത്തെ നിർവ്വഹണചുമതല ഏൽപിക്കുകയും ചെയ്തു. ഒരു യൂണിറ്റിന് 44604 രൂപയാണ് സ്ഥാപനം ക്വോട്ട് ചെയ്തത്. ആകെ 32 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. ആകെ ചെലവ് തുകയായ 14,27,328 രൂപയിൽ 50% ഗുണഭോക്തൃവിഹിതമാണ് കണക്കാക്കിയത്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ജി.ഒ (എം.എസ്) 22/2018 /ത.സ്വ.ഭ.വ തീയതി 14.2.18 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയുടെ ഖണ്ഡിക 6.9 പ്രകാരം സൗര ഗാർഹിക വൈദ്യുതി സംവിധാനത്തിന്റെ സ്പെസിഫിക്കേഷൻ സൂചിപ്പിച്ചിരിക്കുന്നത് 100W DC എന്നാണ്. എന്നാൽ വിതരണം ചെയ്തിരിക്കുന്നത് 300W AC MODEL 2 സ്പെസിഫിക്കേഷനുള്ള ഗാർഹിക സോളാർ പാനലാണ്.

2) ആനുകൂല്യം കൈപ്പറ്റിയവർ ഗുണഭോക്തൃലിസ്റ്റിൽ (2019-20) ഉൾപ്പെട്ടതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10/08.04.2022) നൽകുകയുണ്ടായി. അനെർട്ട് ഹാജരാക്കിയ DA 1/744/2017/ത.സ്വ.ഭ.വ തീയതി 2.6.17 പ്രകാരമുള്ള സർക്കുലർ പ്രകാരമാണ് 300W AC MODEL 2 സ്പെസിഫിക്കേഷനുള്ള ഗാർഹിക സോളാർ പാനൽ അനുവദിച്ചതെന്നാണ് ലഭ്യമായ മറുപടി. സബ്സിഡി മാർഗ്ഗരേഖ പാലിച്ച് ആനുകൂല്യം അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റിയ വ്യക്തികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതിന്റെ ഗ്രാമസഭ അംഗീകരിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-25 ജൈവ വൈവിദ്ധ്യ പാർക്ക് - തുടർ പ്രവർത്തനങ്ങൾ നടത്തുന്നില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 105/21 |
| പ്രോജക്ടിന്റെ പേര് | ജൈവ വൈവിദ്ധ്യ പാർക്ക് ,<br>ടേക്ക് എ ബ്രേക്ക് |

| | |
|---|---|
| ചെലവ് , ഫണ്ടിനം | 48860 , വികസനഫണ്ട്<br>186444 , തനത് ഫണ്ട് |
| വൗച്ചർ നമ്പർ/ ബിൽ നമ്പർ , തീയതി | ബിൽ നമ്പർ 6/30.6.20<br>14/ 17.8.20<br>വൗച്ചർ നമ്പർ<br>22000409/19.8.20<br>22000423/20.8.20<br>22000431/26.8.20<br>22000507/14.9.20 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പാലാ കോഴ റോഡിൽ നാട്ടുകുന്ന് ഭാഗത്ത് ഏറെ വിസ്തൃതിയുള്ള ഭാഗത്ത് മാലിന്യങ്ങൾ ഇടുന്നത് തടയുന്നതിനും നിരത്ത് സൗന്ദര്യ വൽക്കരണം ലക്ഷ്യംവെച്ചും രൂപീകരിച്ചതാണ് ടി പ്രോജക്ട്. ജെ.സി.ബി ഉപയോഗിച്ച് മണ്ണ് നീക്കി നിലമൊരുക്കുകയും വലിയ കരിങ്കല്ലുകൾ പവ്വർ വാഷ് ഉപയോഗിച്ച് കഴുകി കലാപരമായി അടുക്കുകയും ചെടികൾ വെച്ചുപിടിപ്പിക്കുകയും വൈദ്യുതാലങ്കാരം ഒരുക്കുകയും ചെയ്തു. സ്ളൈഡർ, മോട്ടോർ, വാട്ടർ ടാങ്ക് എന്നിവ സ്ഥാപിക്കുകയും ചെയ്തു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെടികളുൾപ്പെടെയുള്ളവയുടെ തുടർപരിപാലനവും മോണിട്ടറിംഗും എപ്രകാരം നിർവ്വഹിക്കുമെന്ന് വ്യക്തമല്ല.

2) PWD റോഡിന്റെ സൈഡിലുള്ള ടി നിർമ്മാണങ്ങൾ റോഡ് വികസനസമയത്ത് പൊളിച്ച് മാറ്റുവാൻ PWD യ്ക്ക് കരാർ പ്രകാരം പൂർണ്ണ അധികാരമുള്ളതാണ്. ആയതിനാൽ പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കുമോ എന്ന് വ്യക്തമല്ല. സ്വന്തം ആസ്തിയിലില്ലാത്ത സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/08.04.2022) നൽകുകയുണ്ടായി.

ഗതാഗത സൗകര്യം കൂടിയ, വീതിയുള്ള റോഡുകളാണ് ടേക്ക് എ ബ്രേക്കിന് അനുകൂലമെന്നും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എം.സി റോഡും വൈക്കം പാലാ റോഡും ഗതാഗത തിരക്ക് കൂടിയ ഇടങ്ങളായതിനാൽ പ്രോജക്ടിനായി തെരഞ്ഞെടുക്കാനാകാതെ വന്നെന്നും മറുപടി ലഭ്യമാക്കി.നൂതനവും മാതൃകാപരവുമായ പ്രോജക്ട് സംസ്ഥാനത്ത് ആദ്യമായി നടപ്പാക്കിയത് സദുദ്ദേശത്തോടെയാണെന്നും മറുപടിയിൽ പരാമർശിക്കുന്നുണ്ട്. തുടർച്ചയായ് രണ്ട് വർഷം സ്വരാജ് ട്രോഫി പുരസ്കാരം നേടിയ ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. എങ്കിലും തുടർപരിപാലനം ഉറപ്പാക്കി ടി പ്രോജക്ടിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്ന രീതിയിൽ പാർക്കിന്റെ തുടർ പരിപാലനം നിർവ്വഹിക്കേണ്ടതാണ്. ആയതിന് ഭരണസമിതിയുടെയും ശ്രദ്ധയുണ്ടാവേണ്ടതാണ്.

## 1-26 ബയോഗ്യാസ് പ്ലാന്റ് എ.എം.സി - കുറഞ്ഞ ടെണ്ടർ അംഗീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 143/21 |
| പ്രോജക്ടിന്റെ പേര് | ബയോഗ്യാസ് പ്ളാന്റ് എ.എം.സി |
| ചെലവ് , ഫണ്ടിനം | 200000, തനത് ഫണ്ട്<br>250000, |

| | |
|---|---|
| | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| വൗച്ചർ നമ്പർ , തീയതി | ബിൽ നമ്പർ 3/14.5.20<br>വൗച്ചർ നമ്പർ 22001285/31.3.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ബയോഗ്യാസ് പ്ലാന്റിന്റെ എ.എം.സി നടത്തിപ്പിനായി തൻവർഷം മൂന്ന് ടെണ്ടറുകൾ ലഭിച്ചു. സാന്താപോളിമേഴ്സ് 529999 രൂപയും ബയോടെക് ട്രിവാൻഡ്രം 548000 രൂപയും എമറാൾഡ് എന്റർപ്രൈസർ 440000 രൂപയും ക്വോട്ട് ചെയ്തു. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച എമറാൾഡ് എന്റർപ്രൈസർ ടെണ്ടറിന്റെ ഹാർഡ് കോപ്പി ഹാജരാക്കിയില്ല എന്ന കാരണത്താൽ ഒഴിവാക്കാനും ബയോടെക് എന്ന സ്ഥാപനം മുൻവർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച സ്ഥാപനം എന്ന നിലയ്ക്കും 16.12.19 ലെ പ്രൊക്യൂർമെന്റ് കമ്മറ്റി ബയോടെക്കിന്റെ ടെണ്ടർ അംഗീകരിക്കാൻ ശുപാർശ ചെയ്യുകയും ആയത് ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. കൂടിയ ടെണ്ടർ സമർപ്പിച്ച ബയോടെക്കിനോട് നെഗോഷ്യേറ്റ് ചെയ്യുകയും 529500 രൂപയ്ക്ക് കരാർ ഉറപ്പിക്കുകയും ചെയ്തു. തൻവർഷം 450000 രൂപ നൽകി. ബാക്കി തുക 2021-22 വർഷം നൽകി.

പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1) എമറാൾഡ് എന്റർപ്രൈസർ എന്ന സ്ഥാപനത്തോട് രേഖകൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് ഓർമ്മക്കുറിപ്പ് നൽകുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല. ടെണ്ടറുകൾ തമ്മിൽ ഒരു ലക്ഷത്തോളം രൂപയുടെ അന്തരമുണ്ടായിട്ടും കുറഞ്ഞ ടെണ്ടർ സമർപ്പിച്ചയാളോട് രേഖാമൂലം കരാറിലേർപ്പെടാൻ നിർദ്ദേശിച്ചില്ല..

2) ബയോഗ്യാസ് പ്ലാന്റിന്റെ കേടുപാടുകൾ തീർക്കാൻ ബയോടെക്കിലെ സാങ്കേതിക വിദഗ്ദ്ധർ പ്ലാന്റ് പരിശോധിച്ച് 741490 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു (കത്ത് നമ്പർ BT/WTP/19 DT 9.8.19) . ആയതിൻമേൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.8/08.04.2022) നൽകുകയുണ്ടായി. 15 വർഷം മുമ്പ് സ്ഥാപിച്ച പ്ലാന്റ് കോവിഡ് വ്യാപനം മൂലം കുറച്ച് നാൾ പ്രവർത്തിക്കാതെ വന്നതിനാൽ മാലിന്യസംസ്കരണം നടപ്പാകാതെ വന്നെന്നും തൻമൂലം പരാതികളുണ്ടാകുകയും ചെയ്തെന്ന് മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. അതിനാൽ പ്ലാന്റിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടപ്പാക്കേണ്ടി വന്നു. പ്ലാന്റ് സ്ഥാപിച്ച ബയോടെക്കിന് പ്ലാന്റിന്റെ സാങ്കേതികവിദ്യ നന്നായി അറിയാവുന്ന സ്ഥാപനമായതിനാൽ മറ്റൊരു ഏജൻസിക്ക് കരാർ നൽകിയാൽ ഭാവിയിൽ ദൂഷ്യഫലങ്ങൾ ഉണ്ടാവാമെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാത്തതും ടി സ്ഥാപനത്തിന്റെ വിശ്വാസ്യതയെ ബാധിച്ചെന്നും ഭാവിയിൽ ഉണ്ടായേക്കാവുന്ന ധനനഷ്ടം ഒഴിവാക്കാനാണ് ഭരണസമിതി പ്രസ്തുത തീരുമാനമെടുത്തതെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്ലാന്റിന്റെ മികച്ച പ്രവർത്തനം മുൻനിർത്തി സദുദ്ദേശത്തോടെ ചെയ്ത പ്രവർത്തനം അംഗീകരിക്കുന്നു. ടെണ്ടർ നടപടികളുടെ പ്രസക്തി നഷ്ടപ്പെടുന്ന തീരുമാനങ്ങൾ തുടർ വർഷങ്ങളിൽ ഏടുക്കാതിരിക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് പ്ലാന്റിന്റെ പ്രവർത്തനം മികച്ച രീതിയിൽ മുമ്പോട്ട് കൊണ്ടുപോകേണ്ടതാണ്.

1-27 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി

സ്വീകരിക്കണം

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതാണ് . 5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. ഇ-ടെണ്ടറുകളിൽ ടെണ്ടർഫാറവില, ഇ.എം.ഡി തുടങ്ങിയവ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ആണ് നിലവിൽ നിക്ഷേപിക്കുന്നത്. 2020-21 വർഷ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർഫാറവില , കൂടാതെ മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

1-28 കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല

2012 ലെ കേരള പി ഡബ്ല്യു ഡി മാന്വൽ ഖണ്ഡിക 2009.6 പ്രകാരം ടെൻഡർ അംഗീകരിച്ച കരാറുകാരൻ സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ടി സമയത്തിനുള്ളിൽ കരാറിൽ ഏർപ്പെട്ടില്ലയെങ്കിൽ കരാർ തുകയുടെ 1 % (മിനിമം-1000 രൂപ ) ഫൈൻ അടച്ച് അടുത്ത 10 ദിവസത്തിനുള്ളിൽ കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ അനുവദിക്കപ്പെട്ട കാലാവധിയായ 14 ദിവസത്തിനുശേഷവും ഫൈൻ അടയ്ക്കാതെ കരാറിൽ ഏർപ്പെട്ടതായി കാണുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | കരാറുകാരൻ | സെലെക്ഷൻ നോട്ടീസ് തീയതി | കരാർ തീയതി | കരാർ തുക | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|---|
| 1 | 108/19-20 (243/2021 പി.ഡി.പോൾ സ്മാരക കമ്മ്യൂണിറ്റി ഹാൾ പൂർത്തീകരണം) | കെ എ മുജീബ് റഹ്മാൻ | 22.05.2020 | 26.06.2020 | 2784311 | 27843 |

ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.22/12.04.2022) നല്കിയതിനുള്ള മറുപടിയിൽ കോവിഡ് കാലയളവായതിനാലാണ് കരാർ വെയ്ക്കുവാൻ താമസിച്ചതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ ഫൈൻ ഒഴിവാക്കി കമ്മറ്റി തീരുമാനം ഉള്ളതായി കാണുന്നില്ല. ആയതിനാൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ബാലസഭ ബാലപഞ്ചായത്ത് - അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

| പ്രൊജക്റ്റ് നമ്പർ | പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|---|
| 21/21 | ബാലസഭ ബാലപഞ്ചായത്ത് | 100000 | 99704 (പ്ലാൻ ഫണ്ട് -54000 തനത് ഫണ്ട് -45704) |

13-ാം പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എംഎസ്) നം.11/2018/LSGD/29.01.18) ഖണ്ഡിക 7.6.17 പ്രകാരം ബാലസഭയുടെ പഞ്ചായത്ത്തല പ്രവർത്തനത്തിന് പരമാവധി 40000 രൂപ മാത്രമാണ് ചെലവഴിക്കാവുന്നത്. കൂടാതെ വാർഡ്തല പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് 1000 രൂപയും ചെലവഴിക്കാവുന്നതാണ്. എന്നാൽ ടി പ്രോജക്ട് പ്രകാരം പഞ്ചായത്ത് തല പ്രവർത്തനത്തിന് 99704/- രൂപ ചെലവഴിച്ചതായി കാണുന്നു. മാർഗ്ഗരേഖയിൽ പരാമർശിച്ചതിലും കൂടുതൽ തുക ചെലവഴിച്ചതിന്റെ കാരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം. 18/11.04.2022) നല്കിയതിനുള്ള മറുപടിയിൽ 3 ദിവസത്തെ പരിപാടി നടപ്പാക്കിയതിനാലാണ് കൂടുതൽ തുക ചെലവഴിക്കേണ്ടിവന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. .

1-30 സർക്കാർ നിർദേശങ്ങൾ പാലിക്കാതെ ലാപ് ടോപ്പ് വാങ്ങി നൽകി

ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് (പ്രൊജക്റ്റ് നം. 101/21) എന്ന പ്രൊജക്റ്റ് പ്രകാരം 8 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം നടത്തിയിട്ടുണ്ട്.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഹെഡ്മാസ്റ്റർ |
| ചെലവിനം, തുക | വികസന ഫണ്ട് (എസ് സി പി), 232000 |
| ബിൽ നം | 4/21 Dt. 23.2.21 |

പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലാപ്ടോപ് വാങ്ങൽ പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് ലഭ്യമാക്കിയ ലാപ്ടോപ് ഒന്നിന് 29000 രൂപയാണ് നൽകിയത്. സിപിആർസിഎസ് പോർട്ടലിൽ നിന്നും ലാപ്ടോപ് വാങ്ങി നൽകുന്നതുമായി ബന്ധപ്പെട്ട് 20.1.20 ലെ ഡിഎ 1/363/2019/തസ്വഭവ ഉത്തരവ് പ്രകാരം സർക്കാർ മാർഗനിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഇതു പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്കായി വാങ്ങുന്ന ലാപ്ടോപ്പുകൾ സിപിആർസിഎസ് പോർട്ടലിൽ നിന്നു തന്നെ വാങ്ങണമെന്നും മൂന്നു വർഷ വാറന്റിയോട് കൂടിയുള്ള ഉബുണ്ടു അധിഷ്ഠിത ലാപ് ടോപ് 22895 രൂപയ്ക്കും വിൻഡോസ് അധിഷ്ഠിത ലാപ് ടോപ്പ് 27722 രൂപ നിരക്കിലും പോർട്ടലിൽ ലഭ്യമായിട്ടുള്ളതിൽ അനുയോജ്യമായത് തെരഞ്ഞെടുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. സിപിആർസിഎസ് പോർട്ടലിൽ ഏതെങ്കിലും കാരണവശാൽ ലാപ്ടോപ് ലഭ്യമല്ലാതെ വന്നാൽ മേൽ സൂചിപ്പിച്ച വിലയിൽ അധികരിക്കാതെ ടെണ്ടർ മുഖേന ലാപ്ടോപ് വാങ്ങാവുന്നതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ഒരു ലാപ്ടോപ്പിന് 29000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. കൂടാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് ലഭ്യമാക്കിയ സ്പെസിഫിക്കേഷനിൽ ഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റമാണ് നൽകുന്നതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/09.04.2022) സിപിആർസിഎസ് പോർട്ടലിൽ ഉത്തരവിൽ സൂചിപ്പിച്ച വിലയുടെ ലാപ്ടോപ്പ് ലഭ്യമായിരുന്നില്ലെന്നും ആയതിനാൽ 20.2.21 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ലാപ്ടോപ്പ് വില ഒന്നിന് 29000 രൂപ നിരക്കിൽ വാങ്ങി നൽകുന്നതിന് തീരുമാനമെടുത്തതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിമയസഭാ തെരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിൽ ടെണ്ടർ നടപടികളിലൂടെ ലാപ്ടോപ്പ് വാങ്ങി നൽകുന്നത് പ്രായോഗികമല്ലെന്ന് വിലയിരുത്തിയാണ് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളത്. സ്പെസിഫിക്കേഷനിൽ ഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റമാണ് രേഖപ്പെടുത്തിയതെങ്കിലും കുട്ടികൾക്ക് ലഭ്യമാക്കിയത് വിൻഡോസ് ഹോം അധിഷ്ഠിതമായ ലാപ് ടോപ്പാണെന്ന് നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. തെരഞ്ഞെടുപ്പുകൾ പോലുള്ള മുൻകൂട്ടി അറിയാവുന്ന സാഹചര്യങ്ങൾ കൂടി പരിഗണിച്ച് പദ്ധതികൾ നടപ്പാക്കിയിരുന്നെങ്കിൽ കുറഞ്ഞ

നിരക്കിൽ മികച്ച സ്പെസിഫിക്കേഷനോടു കൂടിയ ലാപ്ടോപ്പുകൾ ലഭ്യമാക്കാമായിരുന്നു. തുടർ വർഷങ്ങളിൽ പദ്ധതികളുടെ നിർവഹണം സർക്കാർ നിർദേശങ്ങൾ കൃത്യമായി പാലിച്ച് നടപ്പാക്കേണ്ടതാണ്.

1-31 ജീവനി-വനിതകൾക്ക് അടുക്കളതോട്ടം-ജൈവവളം, പച്ചക്കറിതൈകൾ എന്നിവ വിതരണം ചെയ്തതിന്റെ വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | 9/21 ( ജീവനി-വനിതകൾക്ക് അടുക്കളതോട്ടം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 127000/-പ്ലാൻഫണ്ട് |
| | 47050/- തനത് ഫണ്ട്<br>21800/-ഗുണഭോക്തൃവിഹിതം |
| ബിൽനമ്പർ<br>ചെക്ക് നമ്പർ | 5/2020-21, 15.02.21<br>6/2020-21,15.02.21<br>707053/15.02.21 |

മേൽ പ്രോജക്റ്റ് പ്രകാരം കാർഷിക കർമ്മസേന, കുറവിലങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും ജൈവവളം, പച്ചക്കറിതൈകൾ (ഇൻവോയിസ് നം-433/17.08.20,442/19.08.20,443/19.08.20) എന്നിവ വാങ്ങി പഞ്ചായത്തിലെ വനിതകൾക്ക് വാർഡ് മെമ്പർ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ ജൈവവളവും പച്ചക്കറിതൈകളും വാർഡ് മെമ്പർകൈപ്പറ്റിയതിന്റെ രേഖകൾ, ഗുണഭോക്താക്കൾക്ക് ഇവ വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ അടങ്ങിയ വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. കൊറോണ മൂലമാണ് രജിസ്റ്ററുകളും, കൈപ്പറ്റ് വിവരം എന്നിവ എഴുതി സൂക്ഷിക്കാതിരുന്നത് എന്ന് ഓഡിറ്റ് വേളയിൽ നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ഇപ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുമ്പോൾ വിതരണ രജിസ്റ്റർ, കൈപ്പറ്റ് രേഖകൾ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചമല്ല-തുടർപ്രോജക്ടുകൾ ആവശ്യം

പഞ്ചായത്തിൽ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളുടെ നിലവിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ പട്ടിക പ്രകാരം 3 അങ്കണവാടികൾ വാടകകെട്ടിടത്തിലും 3 എണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 122-ാം നമ്പർ അങ്കണവാടിക്ക് കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. മറ്റ് അഞ്ച് അങ്കണവാടികൾക്കും സ്ഥലം കണ്ടെത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 ലൈഫ് ഭവന പദ്ധതി - നിർമ്മാണം പൂർത്തികരിച്ചില്ല.

പ്രോജക്റ്റ് നമ്പർ-107/21 ലൈഫ് ഭവന പദ്ധതി

മേൽ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതിക്ക് കരാർ വച്ച പത്ത് ഗുണഭോക്താക്കളിൽ എട്ട് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താക്കളുടെ പേര് വിവരം | നിർമ്മാണഘട്ടം | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | റ്റിന്റു ജോസഫ്, കണിച്ചേരി | ബേസ്മെന്റ് | 40000/- |
| 2 | രത്നമ്മ രവീന്ദ്രൻ കല്ലുംകൂട്ടത്തിൽ | ലിന്റൽ | 300,000/- |

അഡ്വാൻസ് തുക 40000/-രൂപ കൈപ്പറ്റിയ ടിന്റു ജോസഫ് അടിത്തറ പൂർത്തിയാക്കിയിട്ടുണ്ട്. തുടർ നിർമ്മാണ പ്രവർത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ നിർമ്മാണം പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്. ഇതോടൊപ്പം രത്നമ്മ രവീന്ദ്രന്റെ ഭവനനിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് വിവരം അറിയിക്കേണ്ടതാണ്.

## 1-34 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗവിവരം ലഭ്യമാക്കിയില്ല

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | തുക | ഇനം |
|---|---|---|---|
| 1 | 22000320/23.7.20 | 7000 | പാവുതിയേൽ റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് |
| 2 | 22000427/26.8.20 | 9002 | കുന്നത്തോലി കുടിവെള്ള പദ്ധതി |
| 3 | 22000428/26.8.20 | 14795 | കുന്നത്തോലി കുടിവെള്ള പദ്ധതി പുതിയ കണക്ഷൻ ലഭിക്കാൻ തുക അടവാക്കിയത് |
| 4 | 22000483/8.9.20 | 10000 | ഇടയാലി ജംഗ്ഷനിൽ പോസ്റ്റ് ഷിഫ്റ്റിംഗ് |
| 5 | 22000744/12.11.20 | 10000 | ജനതാ ജംഗ്ഷനിൽ പോസ്റ്റ് ഷിഫ്റ്റിംഗ് |
| | ആകെ | 50797 | |

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി കെഎസ്ഇബി യ്ക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/08.04.2022) മറുപടി ലഭ്യമായില്ല. വിനിയോഗവിവരം ലഭ്യമാക്കുന്നതിലേക്കായി 50797 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

കോവിഡ് 19 ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് സജീവമായ ഇടപെടലുകളാണ് ഉണ്ടായിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം കോവിഡ്-19 ബോധവത്കരണം, ബ്രേക്ക് ദ ചെയിൻ ക്യാമ്പെയിൻ, മൈക്ക് അനൗൺസ്മെന്റ്, കമ്മ്യൂണിറ്റി കിച്ചൺ, സി.എഫ്.എൽ.ടി.സി, ഡി.സി.സി എന്നിവയുടെ നടത്തിപ്പ്, കണ്ടെയിൻമെന്റ് സോൺ തിരിക്കൽ, തുടങ്ങിയ പ്രവൃത്തികൾ പഞ്ചായത്തിന്റെ മേൽ നോട്ടത്തിൽ നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ 21.08.2020 മുതൽ 01.03.2021 വരെ സെന്റ്.മേരീസ് ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ കോവിഡ് കെയർ സെന്ററും തുടർന്ന് താലൂക്ക് ഹോസ്പിറ്റൽ ഹെഡ് ക്വാട്ടേഴ്സിൽ ഡി.സി.സിയും പ്രവർത്തിച്ചിരുന്നു. ഇവയുടെ

പ്രവർത്തനങ്ങൾക്കായി 7,50,486 രൂപ നാളിതു വരെ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ജില്ലാ കളക്ടറുടെ ഡി.എം1-6182/20 തീയതി 05.10.20 ഉത്തരവ് പ്രകാരം 5,00,000 രൂപ തിരികെ ലഭിച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 10.05.2021-ലെ 14 നം. തീരുമാന പ്രകാരം അംഗീകരിച്ച് ലഭ്യമാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം 3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 155195 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം-16/21) | 155195 | 0 |
| | 200000 | ക്ഷീരകർഷകർക്ക് അധിക വില (പ്രൊജക്ട് നം-15/21) | 200000 | 0 |
| | 58760 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (പ്രൊജക്ട് നം-144/21) | 58760 | 0 |
| | 300000 | വനിതാ ക്ഷീരകർഷകർക്ക് അധികവില(പ്രൊജക്ട് നം-249/21) | 300000 | 0 |

| | | | | |
|---|---|---|---|---|
| | 500000 | 129-ാം നമ്പർ അംഗനവാടി പൂർത്തീകരണം(പ്രൊജക്ട് നം-208/21) | 500000 | 0 |
| | 1316389 | പാറ്റാനി വലിയതോട് ഓട (പ്രൊജക്ട് നം-217/21) | 1316389 | |
| ആകെ | 2530344 | | 2530344 | |
| ജില്ലാ പഞ്ചായത്ത് | 294000 | ഭിന്ന ശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രൊജക്ട് നം-16/21) | 294000 | 0 |
| | 400000 | അംഗനവാടി പോഷകാഹാരം (പ്രൊജക്ട് നം-17/21) | 400000 | 0 |
| | 100000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്നവർക്ക് സബ്സിഡി (പ്രൊജക്ട് നം-144/21) | 100000 | |
| ആകെ | 794000 | | 794000 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം, തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജിഒ(എംഎസ്) 68/2018/ 18.5.18 | 2392591 | 279000 | 321804 | 0 | 2349787 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2005-06 | | 2009-10 | 2-1 | | പരാമർശം ഒഴിവാക്കി |
| 2014-15 | 2.2.1, 2.3.4, 2.3 | 2016-17 | 2-appx 3, 4, 5 | | -- |
| 2015-16 | 2-6 | 2016-17 | 2-appx 3, 4, 5 | | -- |
| 2019-20 | 1-20-1 | | | പാലിയേറ്റീവ് കെയർ-- പുനർഉപയോഗ സാധ്യമായ പരിചരണ സാമഗ്രികൾ | |
| 2019-20 | 1-20-2 | | | പാലിയേറ്റീവ് കെയർ പ്രോജക്റ്റ്-- മരുന്നുകൾ ലഭ്യമായില്ല | |

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 74418448 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83908482 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 195797 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 45000 | ശ്രീ.ശ്രീകുമാർ എസ്.കൈമൾ, സെക്രട്ടറി |
| 1-23 | 100000 | ,, |
| 1-34 | 50797 | ,, |
| ആകെ | 195797 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ബാധകമല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി-4/816/20 തീയതി 04/09/20 | 1 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി-4/817/20തീയതി 15/09/20 | |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി-4/818/20 തീയതി 29/09/20 | |
| 2009-10 | കെ.എസ്.എ-കെ.ടി.എം.പി-4/825/20 തീയതി 05/10/20 | 1 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം.പി- 4/അദാ-2018/30(10)/18/8.1.18 | 11 |
| 2012-13 | എൽ.എഫ്.കെ.പി 4/442/14/ 9.1.2015 | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി-4/820/20 തീയതി 25/09/20 | 3 |
| 2014-15 | കെ.എസ്.എ-കെടി.എം.പി.4/621 | 15 |

| | | |
|---|---|---|
| | /20തീയതി 07/10/20 | |
| 2015-16 | നം.എസ്.എ-കെടി..പിഎം.4/823/20 തീയതി 30/09/20 | 13 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി.4/ 823/20 തീയതി 07/10/20 | 3 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി4/824/20 തീ. 13/10/20 | 12 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി4/ 1916/19 തീ. 15/05/20 | 26 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി4/ 483/2021 തീയതി 30.03.2022 | 28 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്